# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5803

25. 05.2017 ൽ മറുപടിക്ക്

### കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. സി. ജോർജ്. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് 'കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി' എന്ന സമഗ്ര പദ്ധതി ആരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) | കൊച്ചി - പാലക്കാട് ഹൈടെക്ക് വ്യവസായ ഇടനാഴിയെ ബാംഗ്ലൂർ വരെ ബന്ധിപ്പിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വ്യവസായ ഇടനാഴി രൂപീകരണത്തിന് സർക്കാർ നടപടികൾ എടുത്തുവരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി കൊണ്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ബി) | ഇന്ത്യയിൽ നടപ്പിലായി വരുന്ന മറ്റു വ്യവസായിക ഇടനാഴികളുമായി പ്രസ്തുത കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയെ ബന്ധിപ്പിച്ച് അതുമൂലം കേരളത്തിനുണ്ടാകുന്ന വ്യാവസായിക വികസനമാണ് ഭാവിയിൽ പ്രസ്തുത പദ്ധതിമൂലം ഉണ്ടാകുന്ന പ്രധാനനേട്ടം. പ്രസ്തുത പദ്ധതിയുടെ വിശദപഠനം പൂർത്തിയായാൽ മാത്രമേ ഇതുസംബന്ധിച്ച കോട്ടങ്ങൾ പ്രതിപാദിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ